കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെല്ലായ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

സാമ്പത്തിക വർഷം

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി16/1880/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 07.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെല്ലായ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെല്ലായ ഗ്രാമപഞ്ചായത്ത് - 2015-16- സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/1880/16 തീയതി – 07.01.2017

## പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-07-2016 മുതൽ 20-9-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമായത്. ഓഡിറ്റ് പരാമർശങ്ങൾ സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-09-2016മുതൽ<br>29-09-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബിജു ആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |
| | ശ്രീ.എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. കെ.പി.വസന്ത | 01-04-2015 മുതൽ 11-11-2015 വരെ |
| | ശ്രീ.ജനാർദ്ദനൻ.എൻ | 12-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീമതി.ബിന്ദു.വി (assist.sec i/c) | 01-04-2015 മുതൽ 24-07-2015 വരെ |
| | ശ്രീ. ശരചന്ദ്രൻ.ആർ | 25-07-2015 മുതൽ 31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി.ബിന്ദു.വി | 01-04-2015 മുതൽ 17-08-2015 വരെ |
| | ശ്രീ.എം.ജി. ശ്രീനിവാസൻ | 18-08-2015 മുതൽ 27-01.2016 വരെ |
| | ശ്രീ.എ.എൽ.തോമസ് | 28-01-2016 മുതൽ 31-03-2016 വരെ |
| അസി.എഞ്ചിനിയർ | ശ്രീ.എൻ.രാജാമണി | 01-04-2015മുതൽ 19-05-2015 വരെ |
| | ശ്രീമതി.മഞ്ജു.കെ.ആർ | 20-05-2015 മുതൽ 06-07-2015 വരെ |
| | ശ്രീ.ചന്ദ്രശേഖരൻ.ടി.വി | 07-07-2015 മുതൽ 05-08-2015 വരെ |
| | ശ്രീമതി.വിജിത.കെ.വി | 06-08-2015 മുതൽ 14-12-2015 വരെ |
| | ശ്രീ.എൻ.പ്രഭാകരൻ | 15-12-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ബവിത | 1-4-2015മുതൽ 31-3-2016വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സമീർബാബു.കെ.എം | 01-4-2015മുതൽ 31-3-2016വരെ |
| വെറ്റിനറി സർജൻ | ഡോ.ജ്യോതിഷ് കുമാർ | 01-4-2015മുതൽ 31-3-2016വരെ |
| കൃഷി ഓഫീസർ | ശ്രീ.വാസുദേവൻ.കെ | 01-04-2015മുതൽ 31-3-2016വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. മീര.എ.വി | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ | ശ്രീ.ജോൺ ബോസ്കോ | 01-04-2015 മുതൽ 17-10-2015വരെ |
| | ശ്രീ.രവിശങ്കർ | 18-10-2015മുതൽ 05-12-2015 വരെ |
| | ശ്രീ.ദീപക് | 06-12-2015 മുതൽ 31-03-2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. മേരി സുധ.ജി | 01-04-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിശദാംശങ്ങൾ | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | പൊതു അവലോകനം | |
| | ഭാഗം 2 | |
| 2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല - പഞ്ചായത്തിനു വരുമാന നഷ്ടം | 2-1 |
| 3 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-2 |
| 4 | ഡി ആന്റ് ഓ ലൈസൻസ് നൽകുന്നതിലെ അപാകതകൾ | 2-3 |
| 5 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടപ്രകാരമല്ല. | 2-4 |
| 6 | പരസ്യ നികുതി ഏർപ്പെടുത്തിയില്ല | 2-5 |
| | ഭാഗം 3 | |
| 7 | റോഡ് കോൺക്രീറ്റിംഗ് -അനുവദനീയമായ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ തുക നൽകി | 3-1 |
| 8 | പ്രവൃത്തിക്ക് ആവശ്യമായ അളവ് സാധനങ്ങൾ ഉപയോഗിച്ചിട്ടില്ല.തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 9 | പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. | 3-3 |

| | | |
|---|---|---|
| 10 | പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം - ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 3-4 |
| 11 | ഭവന നിർമ്മാണം(ജനറൽ) - പദ്ധതി ആസൂത്രണവും നടത്തിപ്പും കാര്യക്ഷമമാക്കേണ്ടതാണ് | 3-5 |
| 12 | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വെച്ചിട്ടില്ല | 3-6 |
| 13 | മരുന്ന് വാങ്ങൽ പദ്ധതി -നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-7 |
| 14 | വെഹിക്കിൾ ഹിസ്റ്ററി ബുക്ക് പരിശോധനയ്ക്ക് ആവശ്യപ്പെടുന്നത് സംബന്ധിച്ച് | 3-8 |
| 15 | ഐ.എ.വൈ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-9 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-10 |
| 17 | മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ അംഗീകൃത ഡീലർമാരിൽ നിന്നും വാങ്ങിയിട്ടില്ല. | 3-11 |
| 18 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-12 |
| | ഭാഗം 4 | |
| 19 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരുമാനം നം. |
|---|---|---|
| 2015-16 | 31-03-2015 | 1 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 27-7-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 22-09-2016 |

## 1-4 സാമ്പത്തിക വിശകലനം

2015-16 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ അക്കൗണ്ടസ് സർട്ടിഫിക്കറ്റ് പ്രകാരം സൂചിപ്പിച്ചിട്ടുള്ള അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ അതേപടി സ്വീകരിച്ചാണ് ചുവടെയുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളത്.

| | |
|---|---|
| മുന്നിരിപ്പ് | 38080823 |
| വരവ് | 38148189 |
| ആകെ | 76229012 |
| ചെലവ് | 59245759 |
| നീക്കിയിരിപ്പ് | 16983253 |

## 1-5 ഫണ്ട് വിനിയോഗം- 2015-16

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | സഞ്ചിത നിധി യിലേക്ക് തിരിച്ച | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ടച്ചത് | |
| വികസനഫണ്ട് പൊതുവിഭാഗം | 4353964 | 15361443 (T.Cr) | 19715407 | 11701728 | 8013679 | 8013679 | 0 |
| വികസനഫണ്ട് എസ്.സി.പി. | 450000* | 6775299 | 7225299 | 7225299 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് + നോൺറോഡ് | 2571887 | 2713465 | 5285352 | 5285352 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 150000** | 8022468 | 8172468 | 5922917+ 2249551 (TCr) | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3340000 | 00 | 3340000 | 3340000 (TCr) | 0 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 59107 | 577068 18116319 | 636175 | 635319 | 856 | 0 | 856 |
| ബി ഫണ്ട് | 00 | 618929 | 618929 | 618929 | 0 | 0 | 0 |

*2014-15 ൽ ഉണ്ടായിരുന്ന അവസാന ബാക്കി 4119927 രൂപയിൽ 45000 രൂപ കഴിച്ച് ബാക്കി തുകയായ 3669927രൂപ പദ്ധതി പൊതു വിഭാഗം ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

**2014-15 ൽ ഉണ്ടായിരുന്ന അവസാന ബാക്കി 6251965 രൂപയിൽ 150000 രൂപ കഴിച്ച് ബാക്കി തുകയായ 6101965രൂപ പദ്ധതി പൊതു വിഭാഗം ഫണ്ടിലേക്ക് Transfer credit ചെയ്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2015-16 | 317 | 79774976 | 193 | 38448879 | 124 | 61 |

# 1-7 തനത് വരുമാനം

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3659337 | 3101145 | (558192) | (-) 15 |
| നികുതിയേതര വരവുകൾ | 622246 | 428232 | (194014) | (-) 31 |

| | | | | |
|---|---|---|---|---|
| ആകെ | 4281583 | 3529377 | (752206) | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 114120 | 68 |
| കർഷക തൊഴിലാളി പെൻഷൻ | 3944370 | 510 |
| വിധവാപെൻഷൻ | 12408960 | 1268 |
| വാർദ്ധക്യകാല പെൻഷൻ | 17736690 | 2191 |
| വികലാംഗ പെൻഷൻ | 4741255 | 522 |
| അവിവാഹിത പെൻഷൻ | 865960 | 90 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-9-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9899/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

തനതു ഫണ്ട് വരവുകൾ

- പരിമിതമായ വരുമാനസ്രോതസുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് കൈമുതലായിട്ടുള്ളത്. റവന്യൂ ചെലവുകളിൽ വരുന്ന വർദ്ധനവിന് ആനുപാതികമായി വരവ് വർദ്ധിപ്പിക്കാൻ നികുതി പിരിവ് കാര്യക്ഷമമാക്കാൻ ശ്രമിക്കേണ്ടതും, സർക്കാർ മാർഗനിർദ്ദേശങ്ങൾക്കു വിധേയമായി പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിക്കേണ്ടതുമാണ്.
  തനതു ഫണ്ട് ചെലവുകൾ
- ജീവനക്കാരുടെ ശമ്പളം, ഭരണസമിതിയംഗങ്ങളുടെ ഓണറേറിയം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ, തുടങ്ങിയവയാണ് പ്രധാന റവന്യൂ ചെലവിനങ്ങൾ.
- വൗച്ചറുകൾ മാസക്രമത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട ഇതര രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ

തൃപ്തികരമാണ്.

- മൊബൈൽ ടവറുകൾ വസ്തു നികുതി പരിധിയിൽ വന്നിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതി, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ മെച്ചപ്പെട്ട നിരക്കാണ് മൊബൈൽ ടവറുകൾക്ക് ചുമത്തിയിട്ടുള്ളത് (ചതുരശ്ര മീറ്ററിന് 500/-രൂപ). ആകയാൽ ഗണ്യമായ തുക വസ്തുനികുതിയിനത്തിൽ ഓരോ ടവറിൽനിന്നും ലഭിക്കേണ്ടതാണ്. ഇവ ഡിമാന്റിൽനിന്ന് ഒഴിവായതുവഴി നികുതി ചോർച്ച ഉണ്ടായിട്ടുണ്ട്. ടവറുകളുടെ എണ്ണം ഗ്രാമപഞ്ചായത്തിൽ കൃത്യമായി നിർണ്ണയിച്ചിട്ടില്ല. അടിയന്തിരമായി ടവറുകളുടെ എണ്ണം നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ പരിമിതമെങ്കിലും ലഭ്യമായ വരവുസ്രോതസുകൾ പരമാവധി ചൂഷണം ചെയ്ത് സാമ്പത്തികനില മെച്ചപ്പെടുത്താൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-04-2016<br>08-04-2016 | 03/2016 മുതൽ 6/16 വരെ | പി.എ.3/9349/16 തീ. 3.9.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-04-2010-മുതൽ<br>17-04-2010വരെ | 2005-06 മുതൽ<br>2009-10വരെ | എൽ.ബി.എ(എച്ച്.ക്യൂ)/1/TPQ/1/ 10-11/LBAIX/488 dt19.3.2010 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള മൊബൈൽ ടവറുകളുടെ എണ്ണം, അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾ, ആയത് നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ, ഈടാക്കിയ വസ്തുനികുതി എന്നിവ സംബന്ധിച്ച് നൽകിയ എൻക്വയറി 02/2016 ന ലഭിച്ച മറുപടിയിൽ ഒരു മൊബൈൽ ടവറിനും കെട്ടിട നമ്പർ നൽകിയിട്ടില്ല എന്നും, പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പെർമിറ്റ് രേഖകൾ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകൾക്ക് പെർമിറ്റ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | അപേക്ഷാ രജിസ്റ്ററിലെ<br>പെർമിറ്റ് കറന്റ് നം/ തീയതി | പേരും മേൽവിലാസവും | സർവ്വേ നം | പെർമിറ്റ് നം/തീയതി |
|---|---|---|---|---|
| 1 | എ5-4013/14 /22.09.2014 | എ.ടി.സി ടെലികോം കോർപ്പറേഷൻ, കൊച്ചിൻ | 131/2എ,2ബി | 31.10.14 |

| | | | | |
|---|---|---|---|---|
| 2 | 4039/15/ 14.09.2015 | ഇൻഡസ് ടവർ ലിമിറ്റഡ്, എൻ.എച്ച് ബൈപ്പാസ്, പാലാരിവട്ടം | 4/4<br>നെല്ലായ | 78/15-16<br>27.10.18 |
| 3 | 26.04.2010 | ഡിവിഷണൽ എഞ്ചിനിയർ, ബി.എസ്.എൻ.എൽ മൊബൈൽ, പാലക്കാട് | 86/5<br>3 | 29/10-11<br>26.04.10 |
| 4 | 3010/10/ 10.05.2010 | ,, | 54എ/6എ 6ബി | 87/10-11<br>03.06.10 |
| 5 | 52/07 | എസ്സാർ ടെലികോം | 28/11 | 52/07<br>24.11.07 |
| 6 | 77/07 | എസ്സാർ ടെലികോം | 42/9 | 77/07<br>14.12.07 |

പഞ്ചായത്തിലെ ടവറുകളുടെ വിവരം കാണിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതാണ്. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതി കുടിശ്ശിക ഉൾപ്പടെ ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നം 40395/ആർ. സി2/2014 ത.സ്വ.ഭ.വ തീയതി 19.10.2014 ലെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്ത് പരിധിയിൽ അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(I),(II),എ(I) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരാൾ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസമോ അതിൽ കൂടുതലോ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാവുന്നതാണ്. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ ഡി ആന്റ് ഓ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഹംസ, | ഹോളോബ്രിക്സ് | 6 |

| | | | |
|---|---|---|---|
| | ഇരുമ്പാലശ്ശേരി | നിർമ്മാണം | |
| 2 | ദാവൂദ്, നെല്ലായ | തടിമില്ല് | 7 |
| 3 | ഹസീന, പുലാശ്ശേരി | സിമന്റ് വിൽപ്പന, ഇന്റർലോക്ക് നിർമ്മാണവും, വിൽപ്പനയും | 7 |
| 4 | മുഹമ്മദ്, നെല്ലായ | ആഹാരസാധനങ്ങളുടെ വിൽപ്പന | 4 |
| 5 | പ്രദീപ്, നെല്ലായ | വെൽഡിങ്ങ് വർക്ക്ഷാപ്പ് | 3 |
| 6 | ഉണ്ണ്യൻകുട്ടി, തൃക്കടീരി | ഹോളോബ്രിക്സ് നിർമ്മാണം | 4 |
| 7 | അബ്ദുൾ സലാം | പ്രിന്റിങ്ങ് പ്രസ്സ് | 4 |
| 8 | അയ്യപ്പൻ.എൻ.എ | വാഹനബോഡി ബിൽഡിങ്ങ് വർക്ക്ഷോപ്പ് | 3 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/ വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിരുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അംഗീകൃത കരാറുകാർ, ലൈസൻസഡ് ബിൽഡിങ്ങ് സൂപ്പർവൈസർമാർ, എന്നിവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇവരിൽ നിന്നും തോഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഓ ലൈസൻസ് നൽകുന്നതിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും 126 സ്ഥാപനങ്ങൾക്ക് ലൈസൻസസ് നൽകിയിട്ടുണ്ട്. ലൈസൻസിനുള്ള അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും ദിവസേനയുള്ള ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഈടാക്കിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

2. ജി.ഓ (എം.എസ്) നം. 323/2011/ത.സ്വ.ഭ.വ തീയതി 27-12-2011 പ്രകാരം നിരോധിക്കപ്പെട്ട പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നില്ലെന്ന

സത്യവാങ്മൂലം അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതാണ്.
ഡി ആന്റ് ഓ ലൈസൻസിനുള്ള അപേക്ഷയിൽ പൂർണമായ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ആവശ്യമായ നിരാക്ഷേപപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതും, സർക്കാർ ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതുമാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടപ്രകാരമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൗൾട്രി ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ഫാം ലൈസൻസ് നൽകാതെ ഡി ആന്റ് ഓ ലൈസൻസാണ് നൽകിയിട്ടുള്ളത്.

സർക്കാർ ഉത്തരവ് (അ) നം 101/2012/ത.സ്വ.ഭ.വ തീയതി 13.04.2012 പ്രകാരം കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പാലിക്കാതെ 2015-16 ൽ ചുവടെ ചേർക്കുന്ന വ്യക്തികൾ പൗൾട്രി ഫാമുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര്, മേൽവിലാസം |
|---|---|---|
| 1 | 18/568 | ഹംസ, കണ്ണേരി, മാരായമംഗലം |
| 2 | 11/821 | അബ്ദുൾ മജീദ്, നെല്ലായ |
| 3 | 11/683 | മുഹമ്മദ്ദുപ്പ, പരിയാനംകുന്നത്ത് പാറക്കൽ, മാരായമംഗലം. |
| 4 | 16/449 | അസൈനാർ, നെല്ലായ |
| 5 | 11/253 | മദീന കോഴി ഫാം, ഉസ്മാൻ, മലയിൽതോഴത്തേതിൽ, നെല്ലായ |
| 6 | 2/6 | മൊയ്ദീൻ, പള്ളത്ത് ഹൗസ്, മാരായമംഗലം |
| 7 | 87/9 | മുഹമ്മദ്, കല്ലിവളപ്പിൽ ഹൗസ്, നെല്ലായ |

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഫാറം നം.3ൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 പരസ്യ നികുതി ഏർപ്പെടുത്തിയില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതി പിരിക്കുന്നതിനു കേരളാ പഞ്ചായത്ത് രാജ് നിയമം 209- വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. പരസ്യ നികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209(ഡി) യിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ പരസ്യനികുതി പിരിക്കുന്നതിനു നടപടി ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18-05-2005 ലെ ഉത്തരവ് നമ്പർ സി5-15253/04 പ്രകാരം പരസ്യ നികുതി ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി ഇതിനുള്ള നടപടികൾ അടിയന്തിരമായി കൈകൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റിംഗ് - അനുവദനീയമായ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ തുക നൽകി

താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയിൽ സിമന്റ് കോൺക്രീറ്റിന് അനുവദനീയമായ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ തുക നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | So 349/16- പണിക്കർ നെച്ചി റോഡ് കോൺക്രീറ്റ് |
| അടങ്കൽ, ഫണ്ട് ഇനം | 300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എഗ്രിമെന്റ് നം,തീയ്യതി | 83/15-16/dt 31-3-2016 |
| കൺവീനർ | ശ്രീ. മുഹമ്മദ് |
| പ്രവൃത്തി മൂല്യം | 283019 |
| എം.ബുക്ക് | 210/15-16 |
| ബിൽ നം.തീയ്യതി, തുക | 85/25-3-2016 തുക300000 |

2015-16 ൽ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു.ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD, Analysis of rates-2014, Volume-2 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:16.42) Base rate എന്നത് 4749.96/- രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം പാലക്കാട് ജില്ലയ്ക്കു 01.04.2014 മുതൽ ബാധകമായ Cost Index 1.2952 ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6152/m3 ആണ്. (4749.96x1.2952=6152). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു നൽകിയിരിക്കുന്ന നിരക്ക് 7059.42/m3 ആണ്. ആയതിനാൽ അനുവദനീയമായ നിരക്കിലും ഉയർന്ന നിരക്കിൽ തുക നൽകിയതിനാൽ താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം | പ്രവൃത്തി ചെയ്ത അളവ് | നല്കിയ നിരക്ക് | അനുവദനീയമായ നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|
| Cement concrete 1:2:4(1cement:2coarse sand:<br>4graded stone aggregate | 35.218$m^3$ | 7059.42/$m^3$ | 6152/$m^3$ | 35.218x907.42 =31868.6<br>31869(rounded) |

| | | | | |
|---|---|---|---|---|
| 40mm nominal size) in pavements | | | | |

നഷ്ടം സംഭവിച്ച തുക 31869രൂ. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 പ്രവൃത്തിക്ക് ആവശ്യമായ അളവ് സാധനങ്ങൾ ഉപയോഗിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന പ്രവൃത്തിയിൽ കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം റോഡ് കോൺക്രീറ്റിംഗ് ഇനത്തിന് രേഖപ്പെടുത്തിയ സിമന്റിന്റെ അളവും പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2015-16 ൽ ഗ്രാമ പഞ്ചായത്തിൽ Public Works (H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD, Analysis of rates-2014,Volume-2 ലെ code 16.42 പ്രകാരമുള്ള കോൺക്രീറ്റിംഗ് ആണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തിക്ക് ആവശ്യമായ അളവ് സിമന്റിനേക്കാൾ വളരെ കുറച്ച് സിമന്റ് വാങ്ങിയതായി മാത്രമെ കൺവീനറുടെ കണക്കിൽ നിന്നും കാണുന്നുള്ളു.

| പ്രവൃത്തി യുടെ പേര് | എം.ബുക്ക് നം. | കോൺ ക്രീറ്റിംഗ് ഏരിയ | ആവശ്യമായ സിമന്റിന്റെ അളവ് ($1m^3$ ന് 320 കി.ഗ്രാം. നിരക്കിൽ) | കൺവീനർ സമർപ്പിച്ച ബിൽ പ്രകാരം വാങ്ങിയ സിമന്റിന്റെ അളവ് | കുറവ് | ട്രഷറി ബിൽ നം./ തീയ്യതി/ തുക |
|---|---|---|---|---|---|---|
| വാലിപറമ്പ് കോളനി റോഡ് കോൺക്രീറ്റ് (പദ്ധതി ഫണ്ട്) | 182/15-16 | $28.884m^3$ | 9242.88kg | 8500kg | 742.88kg | 60/30-3-16 /200000 |

കൺവീനർ നൽകിയ കണക്കിലെ കുറവുള്ള 742.88 Kg സിമന്റിന്റെ വാങ്ങലുകൾ രേഖ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവു ചെയ്ത തുക രൂപ 200000 തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റിലെ അളവുകളെക്കാൾ വളരെയധികം കൂടുതൽ പ്രവൃത്തി ചെയ്തിട്ടും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | So 127/16<br>പറമ്പത്ത് പടി കുടിവെള്ള പദ്ധതി |

| | |
|---|---|
| അടങ്കൽ, ഫണ്ട് ഇനം | 250000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എഗ്രിമെന്റ് നം,തീയ്യതി | 110/14-15/dt 31-3-15 |
| കൺവീനർ | കെ.കെ.സുരേഷ്ബാബു |
| പ്രവൃത്തി മൂല്യം | 93850 |
| എം.ബുക്ക് | 225/15-16 |
| ബിൽ നം.തീയ്യതി, തുക | No.86/31-3-2016 തുക99481 |

മേല്പറഞ്ഞ പ്രവൃത്തിയിൽ കുഴൽക്കിണർ കുഴിക്കുന്നതിനും, മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും, പമ്പ് ഹൌസ് സ്ഥാപിക്കുന്നതിനും പൈപ്പ് ലൈൻ ഇടുന്നതിനും ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കുഴൽക്കിണറിന്റെ നിർമാണം മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. (വെള്ളം ലഭിക്കാത്തതിനാലാണ് മറ്റ് പ്രവൃത്തികൾ നിർവ്വഹിക്കാത്തത് എന്ന് സൈറ്റ് വെരിഫിക്കേഷനിൽ ബോധ്യപ്പെട്ടു.). എന്നാൽ കുഴൽക്കിണർ നിർമാണത്തിന് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ അളവിനേക്കാൾ 25% അധികരിച്ചിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എസ്റ്റിമേറ്റ് പ്രകാരം രേഖപ്പെടുത്തിയ അളവ് | നിർവ്വഹണം നടത്തിയ അളവ് | അധികം നിർവ്വഹണം നടത്തിയ അളവ് |
|---|---|---|---|
| Boring in suitable bore well of 6" dia depth upto 90m or required depth | 100m | 137m | 37m (37%) |

ഇപ്രകാരം മരാമത്ത് ചട്ടങ്ങളുടെ ലംഘനം നടത്തുന്നത് അനുവദനീയമല്ല. ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-4 പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം - ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം - 14/16

അടങ്കൽ - 1000000

ചെലവ് - 480000 (എസ്.സി.പി)

ബിൽ നം - 3/15-16/22.3.16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം എന്ന പ്രൊജക്ട് പ്രകാരം 9 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതവും ഒരു ഗുണഭോക്താവിന് 30000 രൂപയും ഉൾപ്പെടെ ആകെ 490000/- രൂപ വിവാഹ ധനസഹായം നൽകിയിട്ടുണ്ട്. സ.ഉ (സാധാ) നം. 789/2015/ത.സ്വ.ഭ.വ തീയതി-18.3.2015 പ്രകാരം വിവാഹ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള

കാലാവധി വിവാഹം കഴിഞ്ഞ് 6 മാസത്തിനകമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 30000 രൂപ വിവാഹധനസഹായം കൈപ്പറ്റിയ വേലു, മുല്ലക്കൽ വീട്, മാരായമംഗലം എന്ന ഗുണഭോക്താവിന്റെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഹാജരാക്കിയ വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകന്റെ മകളുടെ വിവാഹം നടന്നിട്ടുള്ളത് 1.3.2012 നാണ് എന്നാൽ വിവാഹധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 27.11.2015 നാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിയമാനുസൃത സമയപരിധി പാലിക്കപ്പെട്ടിട്ടില്ല.

2. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി, സബ്സിഡിയും അനുബന്ധ വിഷയങ്ങളും പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/2013/ത.സ്വ.ഭ.വ തീയതി-16.11.2013 യിലെ അനുബന്ധം 16 ഖണ്ഡിക 6.5 പ്രകാരം പട്ടികജാതിയിൽപ്പെട്ട- വരുമാനപരിധി 50000 രൂപക്ക് വിധേയമായി-ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ കുടുംബങ്ങളിലെ വനിതകളുടെ വിവാഹത്തിനാണ് ആനുകൂല്യത്തിന് അർഹത. ആയത് തെളിയിക്കുന്നതിനുള്ള വരുമാന സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. വിവാഹ സർട്ടിഫിക്കറ്റ്, ഗ്രാമപഞ്ചായത്തിലെ വൈസ് പ്രസിഡണ്ടിന്റെ ഒരു സാക്ഷ്യപത്രം എന്നിവ മാത്രമാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ 28-9-2016 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 4 ന് മറുപടി ലഭ്യമാക്കിയില്ല. അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകളുടെ അഭാവത്തിൽ ടി ഗുണഭോക്താവിന് നൽകിയിട്ടുള്ള 30000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 ഭവന നിർമ്മാണം(ജനറൽ) - പദ്ധതി ആസൂത്രണവും നടത്തിപ്പും കാര്യക്ഷമമാക്കേണ്ടതാണ്

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നം. 9/16 പ്രകാരം തനതു ഫണ്ടിൽ നിന്നും 1900000 രൂപ വകയിരുത്തി 19 ഗുണഭോക്താക്കൾക്ക് 100000 രൂപ വീതം വീട്ടു നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ നാലിലൊന്ന് പോലും ലക്ഷ്യപ്രാപ്തി കൈവരിക്കാൻ സാധിച്ചിട്ടില്ല. 3 ഗുണഭോക്താക്കൾക്കായി ആകെ 190000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിൽ ഒരു ഗുണഭോക്താവ് മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 2 ഗുണഭോക്താക്കൾ രണ്ടും മൂന്നും ഗഡുക്കൾ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. മാത്രമല്ല പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി, സബ്സിഡിയും അനുബന്ധ വിഷയങ്ങളും പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/2013/ത.സ്വ.ഭ.വ തീയതി-16.11.2013 പ്രകാരം വീട്ടു നിർമ്മാണം പൊതു വിഭാഗത്തിന് 200000 രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. എന്നാൽ 30-3-2015 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി നൽകിയ പദ്ധതിയിൽ 19 പേർക്ക് 100000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. 29-9-2016 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 11 ന്റെ മറുപടിയിൽ നിയമസഭാ ഇലക്ഷൻ പ്രഖ്യാപിച്ചതു കാരണം 4-3-2016 വരെ എഗ്രിമെന്റ് വെച്ച 3 പേർക്ക് മാത്രമാണ് ആനുകൂല്യം അനുവദിക്കാൻ കഴിഞ്ഞത് എന്നും മറ്റു ഗുണഭോക്താക്കൾക്ക് സ്പിൽ ഓവർ പദ്ധതിയിൽ ആനുകൂല്യം അനുവദിക്കുന്നതാണ് എന്നുമാണ്. തുടർ വർഷങ്ങളിൽ പദ്ധതി ആസൂത്രണവേളയിൽ വീട്ടു നിർമ്മാണത്തിനു പര്യാപ്തമായ രീതിയിൽ തുക വകയിരുത്തുന്നതിനും, നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഉറപ്പു വരുത്തുന്നതിനും

ശ്രദ്ധിക്കേണ്ടതാണ്. പരമാവധി ഗുണഭോക്താക്കൾക്ക് സർക്കാർ നിഷ്കർഷിച്ച നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-6 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വെച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നം.27/16 പ്രകാരം 293192 രൂപ ചെലവഴിച്ച് ബിരുദ-ബിരുദാനന്തര പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് (എസ്.സി) 7 ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ലാപ് ടോപ്പ് കൈമാറിയപ്പോൾ മതിയായ കരാറിൽ ഏർപ്പെട്ടിട്ടില്ല. 39890 രൂപ വില വരുന്ന ലാപ് ടോപ്പുകളാണ് 100% സബ്സിഡി നിരക്കിൽ നൽകിയിട്ടുള്ളത്. ആയതിനാൽ നഷ്ടോത്തരവാദിത്തം, ദുരുപയോഗം ഉൾപ്പെടെയുള്ള നിബന്ധനകൾ ഉൾപ്പെടുത്തി കരാർ ചമച്ചതിനുശേഷം മാത്രം ലാപ് ടോപ്പുകൾ കൈമാറുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 മരുന്ന് വാങ്ങൽ പദ്ധതി -നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രൊജക്ടിന്റെ പേര് - ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ

പ്രൊജക്ട് നം - 32/16

അടങ്കൽ - 475000

ബിൽ നം./തീയതി - 3/15-16/ 29.1.16, 4/15-16/11.3.16

ഡി.ഡി നം/തീയതി - 041043/11.3.16, 041218/18.3.16

ആയുർവേദ മെഡി.ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കണ്ണൂരിലെ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും 2015-16 ൽ ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങിയിട്ടുണ്ട്. പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ (എം.എസ്) നം. 362/2013/ത.സ്വ.ഭ.വ തീയതി. 16.11.2013) യിലെ ഖണ്ഡിക 7-4 പ്രകാരം പ്രോജക്ട് തയ്യാറാക്കുന്നതിനു മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം എന്ന നിബന്ധന പാലിക്കാതെയാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയത്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നു വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.3, തീയതി. 26-9-16). തുടർ വർഷങ്ങളിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പു വരുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല

നെല്ലായ ഗ്രാമ പഞ്ചായത്തിൽ KL09 T 2840 എന്ന രജിസ്ട്രേഷൻ നമ്പർ ഉള്ള ഒരു മഹീന്ദ്ര ബോലെറോ 2006 വർഷം മുതൽ ഉപയോഗത്തിലുണ്ട്. പഞ്ചായത്തിലെ ചെലവു രേഖകൾ പരിശോധിച്ചതിൽ വാഹന റിപ്പയറിങ്ങ് ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ആകെ 46147- രൂപ ചെലവ് ചെയ്തതായി കാണുന്നു. എന്നാൽ വാഹനത്തിന് സർക്കാർ ഉത്തരവ് നം.പി

161/2006 ഫിൻ തിയ്യതി 31.3.2006 ൽ അനുശാസിക്കും വിധം ഒരു വെഹിക്കിൾ ഹിസ്റ്ററി ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ഈ രജിസ്റ്ററിൽ വാഹനവുമായി ബന്ധപ്പെട്ട എല്ലാവിധ റിപ്പയർ, സ്പെയർ പാർട്സ് റീപ്ലേസ്മെന്റ് വിവരങ്ങൾ, ഇൻഷുറൻസ്, എൻജിൻ നമ്പർ, ഷാസീ നംപർ, ബാറ്ററി നംപർ, ടയർ നംമ്പറുകൾ, ടയർ റീട്രെഡിങ് നടത്തിയുട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടെ ചെറുതും വലുതുമായ എല്ലാ പ്രവർത്തികളുടേയും വിശദാംശങ്ങൾ സമയാസമയങ്ങളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാഹനം നിലവിൽ നിത്യോപയോഗത്തിന് ഉതകുന്നതാണോ, ആവശ്യത്തിലധികം ചെലവുകൾ വാഹനത്തിൻമേൽ നടത്തുന്നുണ്ടോ ഒരേ ഇനങ്ങൾക്ക് തന്നെ ഒന്നിൽ കൂടുതൽ തവണ ആവർത്തിച്ച ചിലവുകൾ വരുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാൻ നിർവാഹമില്ല. ആകയാൽ പ്രസ്തുത രജിസ്റ്റർ നിർബന്ധമായും തയ്യാറാക്കി പരിപാലിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഐ.എ.വൈ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

1. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്ട് നം. 147/16 പ്രകാരം ഐ.എ.വൈ വിഹിതമായ 700000 രൂപ (എസ്.സി.പി ഫണ്ട്) ഡി.ഡി നം.493159 തീയതി.16.3.2016 പ്രകാരം ഒറ്റപ്പാലം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
2. വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്ട് നം. 9/16 പ്രകാരം ഐ.എ.വൈ വിഹിതമായ 500000 രൂപ ഡി.ഡി. നം. 493100 തീയതി. 10.3.2016 പ്രകാരം ഒറ്റപ്പാലം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 29-9-2016 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 11 ന്റെ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം എന്ന പ്രൊജക്ട് ( project no 318/16) പ്രകാരം 3,50,000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ജില്ലാ പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

## 3-11 മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ അംഗീകൃത ഡീലർമാരിൽ നിന്നും വാങ്ങിയിട്ടില്ല

സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിൽ (ജി ഒ (എം.എസ്.)42/99 തിയതി.22.09.1999) പ്രവൃത്തിക്കാവശ്യമായ നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ അവ ലഭ്യമായ സ്ഥലങ്ങളിൽ ചെന്ന് ഗുണനിലവാരം ഉറപ്പുവരുത്തി ന്യായവും സ്വീകാര്യവുമായ വിലയ്ക്ക് ഗുണഭോക്തൃ സമിതിയുടെ അംഗീകാരത്തോടെ മാത്രം വാങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട് .കൂടാതെ സിമന്റ്,

കമ്പി,ബിറ്റുമിൻ എന്നീ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ, ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ തൻവർഷത്തിൽ താഴെ പറയുന്ന പദ്ധതികളിൽ വലിയ തുകകളുടെ വാങ്ങലുകൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയിട്ടുണ്ട് . വാങ്ങലുകൾക്ക് ആധാരമായി സ്ഥാപനത്തിന്റെ estimate ബില്ലുകൾ, വ്യക്തികളിൽ നിന്നും വെള്ളപേപ്പറിൽ എഴുതി വാങ്ങിയ ബില്ലുകൾ എന്നിവയൊക്കെയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. (സ്ഥാപനത്തിന്റെ ടിൻ നമ്പറോ മറ്റു റജിസ്റ്ററേഷൻ വിവരങ്ങളോ ലഭ്യമല്ല)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04-03-2013 തിയതിയിലെ 1047/ഡി.എ1/13 നം സർക്കുലറിൽ ഗുണഭോക്തൃ സമിതികൾ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുമ്പോൾ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കൺവീനർമാർ സിമന്റ് വാങ്ങിയിരിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള ബില്ലുകൾ അംഗീകരിക്കാവുന്നതല്ല.

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | കൺവീനർ സിമന്റ് വാങ്ങിയ കടയുടെ/ വ്യക്തിയുടെ പേര് | ബിൽ വിവരങ്ങൾ | സിമന്റിന്റെ അളവ് | ട്രഷറി ബിൽ നം./തീയ്യതി/തുക |
|---|---|---|---|---|---|
| മേലേതിൽ റോഡ് സിമന്റ് കോൺക്രീറ്റ് | കെ.വാസുദേവൻ | ഓ.കെ.സുബൈർ | വെള്ളക്കടലാസിൽ എഴുതി നൽകിയിരിക്കുന്നു. | 4800kg | 54/30-3-16/ 100000 |
| ചോലപള്ളിയാൽ റോഡ് കോണ്ക്രീറ്റ് | മുഹമ്മദ് തസ്ലി | ഓ.കെ.സുബൈർ | വെള്ളക്കടലാസിൽ എഴുതി നൽകിയിരിക്കുന്നു. | 9250kg | 37/14-3-16/ 108945 |
| വാരിയത്തൊടി റോഡ് കോണ്ക്രീറ്റ് | അബൂബക്കർ | സൗപർണിക ഹാർഡ് വെയേഴ്സ് | എസ്റ്റിമേറ്റ് ബിൽ ആണ്. ഓറിജിനൽ ക്യാഷ് ബിൽ അല്ല. | 8800kg | 33/29-2-16/ 197359 |

മേല്പറഞ്ഞ കാര്യങ്ങളിൽ മരാമത്ത് ചട്ടങ്ങളും സർക്കാർ മാർഗനിർദേശങ്ങളും കർശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-12 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി-അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ദ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2015-16 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | വിശദാംശം | 2015-16 |
|---|---|---|

| നം. | | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3737 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3737 |
| 3 | തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 752 |
| 4 | തൻ വർഷത്തെ ആകെ അടങ്കൽ | 94723792 |
| 5 | തൻ വർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 203 |
| 6 | തൻ വർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 101 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| 8 | തൻ വർഷത്തെ വരവ് | 18116319 |
| 9 | തൻ വർഷത്തെ ചെലവ് | 18115463 |
| 10 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1973 |
| 11 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 532 |
| 12 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഇല്ല |
| 13 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക. | ഇല്ല |
| 14 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ടോ? | ഉണ്ട് |
| 15 | തൻ വർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര് / എണ്ണം) | ഇല്ല |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം / വർഷം | 06/15 |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, എണ്ണം ) | ഇല്ല |

<u>നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം</u>

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2015-16 | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ് ജല സംരക്ഷണം | 1 | 103510 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 0 | 0 |
| 3 | ചെറുകിട ജലസേചനം | 29 | 1647140 |
| 4 | പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം,ഭൂവികസനം | 154 | 13896110 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ | 4 | 448500 |

| | | | |
|---|---|---|---|
| | പുനരുദ്ധാരണം | | |
| 6 | ഭൂവികസനം | 9 | 895840 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 0 | 0 |
| | ആകെ | 197 | 1,69,91100 |
| | മറ്റു ചെലവുകൾ | | 124363 |
| | ഒട്ടാകെ | 197 | 18115463 |

അവലോകനം

സ.ഉ.(സാധാ)1650/15/തസ്വഭവ തിയതി 1-6-2015 പ്രകാരം എം.എൻ.ആർ.ഇ.ജി.എ തൊഴിലാളി ഗ്രൂപ്പുകൾ രൂപീകരിച്ച് പാട്ടത്തിന് ഭൂമി എടുത്ത് കൃഷി ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയതനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 16.03.2016 | 151164 | സമൃദ്ധി | 151164 | 0 |
| ടി | 18.02.2016 | 200000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ / വായ്പ തിരിച്ചടവ് ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളുടെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് -2013-14
(നം. എൽ.എഫ്.പി4/174/2014 തീയതി 27.1.2014)

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38148189 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59245759 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31869 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 230000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 31869 | ശ്രീ. എൻ.പ്രഭാകരൻ<br>അസി.എഞ്ചിനീയർ<br>(അഡീഷണൽ ചാർജ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 200000 | ശ്രീ. എൻ.പ്രഭാകരൻ<br>അസി.എഞ്ചിനീയർ<br>(അഡീഷണൽ ചാർജ്) |
| 3-4 | 30000 | ശ്രീ.എ.എൽ.തോമസ്,<br>അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.എൻ.പ്രഭാകരൻ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, അനങ്ങനടി ഗ്രാമ പഞ്ചായത്ത് | കൃഷ്ണപ്രഭ, കീഴ്പ്പാടം റോഡ്, മുണ്ടൂർ . പി.ഒ, പാലക്കാട്- 678592 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LF.P13.596/08/21-2-09 |
| 1999-00 | LF.P13.597/08/21-2-09 |
| 2000-01 | LF.P13.598/08/21-2-09 |
| 2001-02 | LF.P13.599/08/21-2-09 |
| 2002-03 | LF.P13.600/08/21-2-09 |
| 2003-04 | LF.P13.601/08/21-2-09 |
| 2004-05 | LF.P13.1003/09/5-12-09 |
| 2005-06 | LF.P13.695(2)/12/8-5-12 |
| 2006-07 | LF.P13.177/11/7-3-11 |

| | |
|---|---|
| 2007-08 | LF.P13.695(4)/12/16.3.12 |
| 2008-09 | LF.P16/952/13/7-4-14 |
| 2009-10 | |
| 2010-11 | |
| 2011-12 | LF.P16.1967/14/4-12-2014 |
| 2012-13 | കെ.എസ്.എ-പികെഡി16/1403 /2015/ 8.1.2016 |
| 2013-14 | |
| 2014-15 | കെ എസ് എ -പി കെ ഡി16/1209 /16/28.07.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

**1**

## അനുബന്ധം 1

കെ.എസ്.എ-പികെഡി16/1880/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 07.01.2017

## സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെല്ലായ ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

നെല്ലായ ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2. ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD16/1880/2016

Kerala State Audit Department
District Audit Office
Palakkad
Dated – 07.01.2017

CERTIFICATE

Certified that I have examined the Annual Financial Statement of NELLAYA GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

in my opinion the financial statements of NELLAYA GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

NELLAYA GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet in connection with the value of Assets is not Up-dated.
2. Demand and Arrear demand registers are not prepared. The figures shown in AFS, are not in agreement with the Sanchaya Software.

Deputy Director